പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം :*50 | 27.02. 2018 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി**

ചോദ്യം

ശ്രീ.എൻ.ഷംസുദ്ദീൻ
"പി.കെ.ബഷീർ
"എം.ഉമ്മർ
" പാറക്കൽ അബ്ദുല്ല.

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി ചെയർ-മാൻ സംഘടനാ നേതാക്കൾക്ക് കത്ത് അയച്ച വിവരം സർക്കാരിന്റെ ശ്രദ്ധയി-ൽപെട്ടിട്ടുണ്ടോ;<br>(ബി) മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിലേക്കുള്ള വിഹിതം അടയ്ക്കാത്തത് ഭാവിയിൽ പെൻഷൻ നൽകുന്നതിനെ ബാധിക്കുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)&(ബി) ഇതുസംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വൈദ്യുതി ബോർഡിൽ നിന്ന് റിട്ടയർചെയ്ത മുഴുവൻ പേർക്കും മുടക്കംകൂടാതെ പെൻഷൻ നല്കിവരുന്നുണ്ട്. പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേയ്ക്ക് നൽകേണ്ടുന്ന കുടിശ്ശിക ബോർഡിന്റെ സാമ്പത്തിക കാര്യക്ഷമത വർദ്ധിപ്പിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ല. |
| (സി) വൈദ്യുത ചാർജ്ജ് വർദ്ധനവ് ഒഴിവാക്കി കെ.എസ് ഇ.ബി.യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) വൈദ്യുതി സാമ്പത്തിക കാര്യക്ഷമത വർദ്ധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ബോർഡിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് താരിഫ് പരിഷ്കരണം ആവശ്യമുണ്ടോ എന്നത് തീരുമാനിക്കേണ്ടത് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ്. |

സെക്ഷൻ ഓഫീസർ